| വിഷയം | കാലിക്കറ്റ് സർവകലാശാല വികസിപ്പിച്ചെടുത്ത സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സോഫ്റ്റ്‌വെയറിൽ, വെരിഫിക്കേഷൻ ഏജൻസി/കമ്പനി വിവരങ്ങൾ ചേർക്കുന്നത്, ഫീസുകൾ (സബ്സ്ക്രിപ്ഷൻ ഫീസ്/തിരയൽ ഫീ) എന്നിവയുമായി ബന്ധപ്പെട്ട് പരീക്ഷാ സ്ഥിരം സമിതിയുടെ ശുപാർശകൾ പരിഗണിക്കുന്നതിന്.<br>**(48509/DIGITAL WING-II-ASST-1/2024/PB)** |
| തീരുമാനം | അംഗീകരിച്ചു. |
| ഇനം നമ്പർ | **2025.91*** |
| വിഷയം | സർവകലാശാലകളിലെ അധ്യാപക തസ്തികകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് 4% സംവരണം ചെയ്യാവുന്ന തസ്തികകൾ കണ്ടെത്തുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കുന്നതിന്.<br>**(255583/GA-II-C-SO/2024/Admn)** |
| തീരുമാനം | **പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്റ്റാഫ് ആന്റ് അഫിലിയേഷൻ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.92*** |
| വിഷയം | കാലിക്കറ്റ് സർവകലാശാലയിലെ പ്രൊജക്റ്റ് മോഡ് കോഴ്സുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിതരായ അസിസ്റ്റന്റ് പ്രൊഫസ്സർമാർ നൽകിയ പരാതി പരിഗണിക്കുന്നതിന്.<br>**(54329/GA-II-C-SO/2023/Admn)** |
| തീരുമാനം | **ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവിലും വിജ്ഞാപനത്തിലും പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് നിയമന ഉത്തരവ് നൽകാൻ തീരുമാനിച്ചു. സേവന വ്യവസ്ഥകൾ സംബന്ധിച്ച് വ്യക്തത ആവശ്യമുള്ള വിഷയങ്ങളിൽ സർക്കാരിൽ നിന്നും വ്യക്തത തേടാനും തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.93*** |
| വിഷയം | കോഴിക്കോട് ജില്ലയിലെ റൗസത്തുൽ ഉലൂം അറബിക് കോളേജിന് ബി.എ ഫങ്ഷണൽ അറബിക്, ബി.കോം വിത്ത് ഇസ്ലാമിക് ഫിനാൻസ്, അഫ്സൽ ഉൽ ഉലമ പ്രിലിമിനറി എന്നീ പ്രോഗ്രാമുകൾക്ക് 2023-24, 2024-25 അധ്യയന വർഷങ്ങളിൽ തുടർ അഫിലിയേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.<br>**(93745/CDC-G1/2014/Admn)** |
| തീരുമാനം | **BA അഫ്സൽ ഉൽ ഉലമ ഇൻ അറബിക് എന്ന പ്രോഗ്രാം ഒഴികെ മറ്റ് പ്രോഗ്രാമുകൾക്ക് 2023-24, 2024-25 വർഷങ്ങളിൽ തുടർ അഫിലിയേഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.94*** |

| | |
|---|---|
| വിഷയം | യൂണിവേഴ്സിറ്റിയിൽ നിന്നും പലതവണ നിർദ്ദേശങ്ങളും ഉത്തരവുകളും ഉണ്ടായിട്ടും ഓറിയന്റൽ കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, ലക്കിടി, വയനാട് അധികാരികൾ ശമ്പളക്കുടിശ്ശിക വിതരണം ചെയ്യാത്ത വിഷയത്തിൽ കോളേജിനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാൻ WP(C) No.18081/2023 ലെ ഹൈക്കോടതി വിധിന്യായത്തിൽ നിർദ്ദേശമുള്ള സാഹചര്യത്തിൽ വിഷയം പരിഗണിക്കുന്നതിന്. |
| | **(173602/CDC-E1/2015/Admn)** |
| തീരുമാനം | **ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, അഫിലിയേഷൻ റദ്ദാക്കാതിരിക്കാനുള്ള കാരണം, കോളേജ് പ്രിൻസിപ്പൽ, മാനേജർ എന്നിവർ ഫെബ്രുവരി 5, 2025 ന് രാവിലെ 10 മണിക്ക് നേരിട്ടുവന്ന്, സ്റ്റാഫ് & അഫിലിയേഷൻ കമ്മിറ്റി മുമ്പാകെ ബോധിപ്പിക്കണമെന്ന് അറിയിക്കുവാൻ തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.95*** |
| വിഷയം | 1977 മുതൽ 2016 വരെ തൃശ്ശൂരിലെ സെന്റ് തോമസ് കോളേജിൽ നടന്ന അധിക പ്രവേശനം, ക്രമീകരിക്കുന്നതിന് സിണ്ടിക്കേറ്റ് ഉപസമിതി ഏകകണ്ഠമായി ശുപാർശ ചെയ്തതിനെ തുടർന്ന് കമ്മിറ്റിയുടെ ശുപാർശ സിണ്ടിക്കേറ്റ് അംഗീകരിക്കുകയും U.O. No.10740/2017/ADMN തിയ്യതി 25.08.2017 പ്രകാരം സിണ്ടിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തുകയും ചെയ്തത്, 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് കുറിപ്പിലെ പരാമർശത്തിൽ അംഗീകരിക്കുന്നില്ല എന്ന തടസ്സവാദം ഉന്നയിച്ച വിഷയം പരിഗണിക്കുന്നതിന്. |
| | **(74838/CDC-D2/2015/Admn)** |
| തീരുമാനം | **വിശദ പഠനത്തിന് അഡ്മിഷൻ മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.96*** |
| വിഷയം | ഒരു അക്കാഡമിക് വർഷത്തിൽ ഒരു കുട്ടിയും അഡ്മിഷൻ എടുക്കാത്ത കോളേജുകളുടെ വിവരങ്ങൾ ശേഖരിച്ച് മാർച്ച് 31 നകം ഡിസഫിലിയേഷൻ നടപടികൾ പൂർത്തീകരിക്കണം എന്ന് 31.08.2024 തിയ്യതിയിലെ 2024.970 നമ്പർ സിണ്ടിക്കേറ്റ് തീരുമാനത്തിൽ ഡിസഫിലിയേഷൻ, സസ്പെൻഷൻ എന്നിവ വ്യക്തമാക്കികൊണ്ട് ഒരു പ്രൊപ്പോസൽ അഫിലിയേഷൻ സ്ഥിരം സമിതി മുഖേന അംഗീകരിക്കുന്നതിന്. |
| | **(204933/CDC-E1/2024/Admn)** |
| തീരുമാനം | **അഡ്മിഷൻ പ്രക്രിയ അവസാനിക്കുന്ന മുറയ്ക്ക്, CDC, ഒരു വിദ്യാർത്ഥിയും ചേരാത്ത കോളേജ്/പ്രോഗ്രാമുകളുടെ വിവരങ്ങൾ DoA, യിൽ നിന്നും ശേഖരിച്ച് മാർച്ച് 31 നകം ഡിസഫിലിയേഷൻ/സസ്പെൻഷൻ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.97*** |
| വിഷയം | U.O. No.16261/2024/Admn dated 24.10.2024 ലെ സിണ്ടിക്കേറ്റ് തീരുമാനപ്രകാരം, പ്രിസ്റ്റീൻ വാലി കോളേജിലെ ബി.കോം (സി.എ.), ബി.ടി.ടി.എം എന്നീ കോഴ്സുകളിൽ പ്രവേശനം ക്രമീകരിക്കപ്പെട്ട 67 വിദ്യാർത്ഥികളെ സംബന്ധിച്ച് വിഷയത്തിൽ പിഴ ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും, അഡ്മിഷൻ റൂൾസ് യാതൊന്നും തന്നെ പാലിക്കാതെ പ്രസ്തുത കോളേജ് പ്രവേശനം നൽകിയ മുഹമ്മദ് ജാനിസ്, ശിശിര സി, മുഹമ്മദ് അബിയാൻ എന്നീ 3 വിദ്യാർത്ഥികളുടെ വിഷയവും പരിഗണിക്കുന്നതിന്. |
| | **(220143/DOA-ASST-7/2024/Admn)** |
| തീരുമാനം | **വിശദ പഠനത്തിന് അഡ്മിഷൻ മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.98*** |
| വിഷയം | 21,175/- രൂപ പ്രതിമാസ വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എക്സ് സർവീസ്മെൻ സെക്യൂരിറ്റി ഗാർഡ് ജീവനക്കാർ അവരുടെ വേതനം ഒരു ദിവസം 900/- രൂപയെങ്കിലും ലഭിക്കുന്ന വിധം വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം പരിഗണിക്കുന്നതിന്. |
| | **(63388/AD-E-ASST-1/2013/CU)** |
| തീരുമാനം | **വേതന വർദ്ധനവ് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിലേക്ക് അടിയന്തിരമായി കത്തയക്കാൻ തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.99*** |
| വിഷയം | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രധാൻ മന്ത്രി ശിക്ഷ അഭിയാൻ (പി.എം.ഉഷ) പദ്ധ |

തിയുടെ കീഴിൽ 100 കോടി രൂപയുടെ ധനസഹായത്തിനായി സർവകലാശാലയെ തിരഞ്ഞെടുത്ത സാഹചര്യത്തിൽ, റൂസ സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശാനുസരണം പദ്ധതിയുടെ ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് റൂസ സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറേറ്റിന് സമർപ്പിച്ച വിഷയം റിപ്പോർട്ട് ചെയ്യുന്നതിന്.

**(120277/PLD-C-ASST-1/2018/Admn)**

തീരുമാനം ശ്രദ്ധിച്ചു.

ഇനം നമ്പർ **2025.100**

വിഷയം സർവകലാശാലയുടെ മലപ്പുറം ടീച്ചർ എഡ്യുക്കേഷൻ സെന്ററിലേക്ക്, ഒരു പി.എ സിസ്റ്റം (Public Address System) ആകെ 3,08,487/-രൂപക്ക് (മൂന്ന് ലക്ഷത്തി എട്ടായിരത്തി നാനൂറ്റി എൺപത്തി ഏഴ് രൂപ മാത്രം) M/s. Alfa Electronics, Malappuram എന്ന സ്ഥാപനത്തിൽ നിന്നും Part II C 46-5005-02 Repair/Purchase/AMC of Equipments എന്ന ശീർഷകത്തിൽ നിന്ന് ചെലവ് വഹിച്ചുകൊണ്ട് ടെൻഡർ ക്ഷണിച്ചു വാങ്ങുന്നതിനും പ്രസ്തുത സ്ഥാപനത്തിന് പേയ്മെന്റ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന്.

**(20178/PURCHASE-ASST-B1/2024/Admn)**

തീരുമാനം ശ്രദ്ധിച്ചു.

ഇനം നമ്പർ **2025.101**

വിഷയം സർവകലാശാല ഹെൽത്ത് സെന്ററിലേക്ക് ഒരു ഫുള്ളി ഓട്ടോമാറ്റിക് ബയോ കെമിസ്ട്രി അനലൈസർ എന്ന ഉപകരണം 6,50,000/- രൂപയ്ക്ക് (ആറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ജെം മുഖാന്തിരം വാങ്ങുന്നതിനും, ജെം കോൺട്രാക്ട് ലഭിച്ച ട്രാൻസേഷ്യ ബയോ മെഡിക്കൽ ലിമിറ്റഡ്, മുംബൈ, മഹാരാഷ്ട്ര എന്ന സ്ഥാപനത്തിന് Part I 42-2005-01 Repair/AMC/Purchase of equipment എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ച് പേയ്മെന്റ് നൽകുന്നതിനും സിണ്ടിക്കേറ്റ് റിപ്പോർട്ടിങ്ങിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(98351/PURCHASE-ASST-B2/2023/Admn)**

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2025.102**

വിഷയം ചെതലയത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആന്റ് റിസേർച്ചിലേക്ക് 1,48,345/- രൂപയുടെ (ഒരു ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) ഫർണിച്ചറുകൾ റബ്കോയിൽ നിന്നും, 1,96,597/- രൂപയുടെ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഫർണിച്ചറുകൾ കാഡ്കോയിൽ നിന്നും, 2,47,281/- രൂപയുടെ (രണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) ഫർണിച്ചറുകൾ ആർട് കോയിൽ നിന്നും വാങ്ങുന്നതിനും, നടപ്പ് സാമ്പത്തിക വർഷത്തിലെ, Part II B 33-4010-02 Modernisation of Departments എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും ചെലവ് വഹിച്ചുകൊണ്ട് സ്ഥാപനങ്ങൾക്ക് പേയ്മെന്റ് നൽകുന്നതിനും അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(191675/PURCHASE-ASST-A2/2023/Admn)**

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2025.103**

വിഷയം സംസ്ഥാന ആറാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചുകൊണ്ടുള്ള 27.06.2024 തിയ്യതിയിലെ സ.ഉ (സാധാ) നം. 1149/2024/LSGD നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(65820/AD-K-ASST-3/2016/Admn)**

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2025.104**

വിഷയം 2025 ജനുവരി 14-15 തിയ്യതികളിൽ നടക്കുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്, കോൺക്ലേവിന്റെ ഭാഗമായി നടക്കുന്ന എക്സിബിഷൻ, പ്രീ കോൺക്ലേവ് പരിപാടികൾ എന്നിവയിൽ പങ്കെടുക്കുന്ന അധ്യാപകർ, അനധ്യാപകർ എന്നിവർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിനും വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവർക്ക് ഹാജർ നൽകുന്നതിനും സ്ഥാപന മേധാവികളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 24.12.2024 തിയ്യതിയിലെ സ.ഉ (സാധാ) നം. 1598/2024/HEDN നമ്പർ സർക്കാർ ഉത്തരവ് സർവകലാശാല

യിൽ നടപ്പിലാക്കിയത് റിപ്പോർട്ട് ചെയ്യുന്നതിന്.

**(65820/AD-K-ASST-3/2016/Admn)**

തീരുമാനം ശ്രദ്ധിച്ചു.

ഇനം നമ്പർ **2025.105***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Shahila Ismail. K. I | Zoology (Science) | Dr. C.V. Sreeranjit Kumar, Research Supervisor, P.G and Research Department of Zoology, Government Victoria College, Palakkad. | Metagenomic Analysis of Endosymbiotic Gut Bacteria on Vitamin C Augmentation in Silkworm (*Bombyx mori* L.) under Thermal Stress. |

**(12941/RESEARCH-C-ASST-2/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.106***

വിഷയം താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Mohammed Naseer. C. T | Commerce, (Commerce and Management Studies) | Dr. Vinod Kumar K. P, Research Guide, P.G Department of Commerce, MES Keveeyam College, Valanchery. | Influence of Impulse Buying Behaviour of Women Consumers in Kerala. |

**(189357/RESEARCH-C-ASST-2/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.107***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Sangeetha Damodaran | English (Language and Literature) | Dr. Janaky Sreedharan, Professor & Research Guide, Department of English, University of Calicut. | Women on the Move: Self-Encounters in Select Travel Narratives by Malayali Women. |

**(29973/RESEARCH-C-ASST-3/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.108***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Anju Sebastian | Physics (Science) | Dr. Jolly Andrews, Associate Professor & Research Guide, PG and Research Department of Physics, Christ College (Autonomous), Irinjalakuda. | NEAR-FIELD PERTURBATION STUDIES OF METAMATERIAL SPLIT RING RESONATOR STRUCTURES FOR ELECTROMAGNETIC SENSOR APPLICATIONS. |

**(228037/RESEARCH-C-ASST-3/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.109**

വിഷയം സർവകലാശാലയുടെ സെന്റർ ഫോർ കമ്പ്യൂട്ടേഷണൽ ബയോളജി ബയോ ഇൻഫർമാറ്റി

ക്സിലേക്ക് ഒരു 10 കെ.വി.എ ഓൺലൈൻ യു.പി.എസ്സ് യൂണിറ്റ് Numax Energy Solutions എന്ന സ്ഥാപനത്തിൽ നിന്നും ആകെ 2,50,014/- രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരത്തി പതിനാല് രൂപ മാത്രം) ചെലവഴിച്ച് Part II B 41-4046-02 Centre for Computational Biology and Bio informatics എന്ന ശീർഷകത്തിൽ നിന്ന് ചെലവ് വഹിച്ചുകൊണ്ട് ടെൻഡർ ക്ഷണിച്ചു വാങ്ങുന്നതിനും പ്രസ്തുത സ്ഥാപനത്തിന് പേയ്മെന്റ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന്.

**(68706/PURCHASE-ASST-B1/2024/Admn)**

തീരുമാനം ശ്രദ്ധിച്ചു.

ഇനം നമ്പർ **2025.110**

വിഷയം സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി (CUIET) യുടെ പ്രിന്റിംഗ് ടെക്നോളജി ലബോറട്ടറിയിലേക്ക് ഒരു സ്പെക്ട്രോഡെൻസിറ്റോമീറ്റർ (Spectrodensitometer) M/s. Squaredots India Private Limited, Chennai എന്ന സ്ഥാപനത്തിൽ നിന്നും ആകെ 7,25,700/- രൂപ (ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുനൂറ് രൂപ മാത്രം) ചെലവഴിച്ച് Part II (C) 03-5041-02 Laboratory & Workshop എന്ന ശീർഷകത്തിൽ നിന്ന് ചെലവ് വഹിച്ചുകൊണ്ട് ടെൻഡർ ക്ഷണിച്ച് വാങ്ങിയ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(31115/PURCHASE-ASST-B1/2023/Admn)**

തീരുമാനം ശ്രദ്ധിച്ചു.

ഇനം നമ്പർ **2025.111**

വിഷയം ഓഡിറ്റ് റിക്വുസിഷൻ നമ്പർ AENO 608508 പ്രകാരം അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് സർവകലാശാലയിൽ വിവിധ സോഫ്റ്റ് വെയറുകളുടെ ഡംപ് ഡാറ്റ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം കൈമാറിയ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(44579/CUCC-ASST-1/2020/Admn)**

തീരുമാനം ശ്രദ്ധിച്ചു.

ഇനം നമ്പർ **2025.112**

വിഷയം 2024-25 വർഷത്തെ ഇന്റർ കോളേജിയേറ്റ് ഇന്റർ സോൺ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പിനായി സർവകലാശാല കായിക വിഭാഗത്തിന് ചെലവാകുന്ന എസ്റ്റിമേറ്റ് തുകയായ 3,50,000/- രൂപ (മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അംഗീകരിച്ചതും ചെലവിലേക്കായി 3,15,000/-രൂപ (മൂന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) അഡ്വാൻസ് ആയി അനുവദിക്കുകയും ചെയ്ത വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(268068/DPE-B-ASST-1/2024/Admn)**

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2025.113***

വിഷയം ആർട്ട് ആന്റ് ഫോട്ടോഗ്രാഫി വിഭാഗത്തിൽ പബ്ലിക് റിലേഷൻസ് വിങ്ങിന്റെയും റേഡിയോ സി.യു വിന്റെയും ജോലികൾക്കായി നിയമിക്കുന്ന ഫോട്ടോഗ്രാഫർ കം വീഡിയോഗ്രാഫർ തസ്തികയുടെ യോഗ്യത, വേതനം, പ്രായപരിധി തുടങ്ങിയ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പബ്ലിക് റിലേഷൻസ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിന്.

**(126264/AD-K-ASST-2/2024 /Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.114***

വിഷയം കാലിക്കറ്റ് സർവകലാശാലയിൽ 25 വനിത സെക്യൂരിറ്റി ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാർ തരുന്ന നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും ചെലവ് വഹിച്ച് കൊണ്ട് നിയമിച്ചിരുന്നതിന് സർക്കാരിൽ നിന്നും നിയമനാനുമതി തേടിയതിന് മറുപടിയായി, 25 വനിത സെക്യൂരിറ്റി ജീവനക്കാരുടെ നിയമനത്തിനായി സർക്കാർ അധിക തുക അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, 18.11.2024 ന് സർക്കാർ നൽകിയ അനുമതിയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

**(195273/AD-K-ASST-1/2022 /Admn)**

തീരുമാനം **സർവകലാശാല ഫണ്ടിൽ നിന്ന് ചിലവ് വകയിരുത്തിക്കൊണ്ട് 6 മാസത്തേക്ക് തുടർ നിയമനം നൽകാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2025.115***

| | |
|---|---|
| വിഷയം | To consider the payment of Rs. 24,47,855/- (Twenty Four Lakh Forty seven Thousand Eight Hundred and Fifty five Rupees only) to the Confidential Printer towards the confidential printing charges of question papers for the period from February 2024 to October 2024. **(7692/CE-ASST-1/2014/PB)** |
| തീരുമാനം | **Approved.** |
| ഇനം നമ്പർ | **2025.116*** |
| വിഷയം | 19.02.2021 തിയ്യതിയിലെ 2152/2021/Admn നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം രജിസ്ട്രാർ തസ്തികയിൽ നിയമനം ലഭിച്ച ഡോ. സതീഷ് ഇ. കെ, എന്നവരുടെ ടി പദവിയിലെ കാലാവധി 12.02.2025 തിയ്യതിയിൽ നാല് വർഷം പൂർത്തിയാകുന്നതിനാൽ ടി പദവിയിൽ നിന്ന് 12.02.2025 തിയ്യതിയിൽ വിടുതൽ ചെയ്യുന്നതിന് അനുവദിക്കണമെന്നും കൂടാതെ രജിസ്ട്രാർ പദവിയിൽ പ്രവേശിക്കുന്നതിന് വിടുതൽ ചെയ്തുവന്ന അദ്ദേഹത്തിന്റെ മാതൃ തസ്തികയായ കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ് പ്രൊഫസർ തസ്തികയിൽ പുന:പ്രവേശിക്കുന്നതിനും കൂടി അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഡോ. സതീഷ് ഇ. കെ, സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്. **(33485/AD-F-ASST-2/2021/Admn)** |
| തീരുമാനം | **അംഗീകരിച്ചു.** |
| ഇനം നമ്പർ | **2025.117*** |
| വിഷയം | കാലിക്കറ്റ് സർവകലാശാല വനിത സെക്യൂരിറ്റി ജീവനക്കാർ യൂണിഫോം അലവൻസ് അനുവദിക്കുന്നതിനായി കാലിക്കറ്റ് സർവകലാശാല സെക്യൂരിറ്റി ഓഫീസർ മുഖേന സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്. **(195273/AD-K-ASST-1/2022 /Admn(I))** |
| തീരുമാനം | **യൂണിഫോം അലവൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.118*** |
| വിഷയം | സർവകലാശാലയുടെ വിവിധ ഓഫീസുകളിലേക്കും ഡിപ്പാർട്ട്മെന്റുകളിലേക്കും താഴെ പട്ടികയിൽ പറയും പ്രകാരം ഡെസ്ക്ടോപ്പ്/ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ CPRCS/GeM മുഖേന വാങ്ങുന്ന കാര്യവും, ഡെസ്ക്ടോപ്പ് ആണോ ലാപ്ടോപ്പ് ആണോ ഓഫീസുകളുടെ പ്രവർത്തനത്തിന് അനുയോജ്യം എന്ന കാര്യവും പരിഗണിക്കുന്നതിന്. **(6166/PURCHASE-ASST-B3/2024/Admn)** |
| തീരുമാനം | **അംഗീകരിച്ചു.**<br>**ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.119*** |
| വിഷയം | സർവകലാശാലയുടെ പരീക്ഷാ ഭവനിലേക്ക്, ബാർകോഡ് പ്രിന്റിങ്ങിനാവശ്യമായ 10 ലക്ഷം എണ്ണം സെൽഫ് അഡ്ഹെസീവ് ഷീറ്റുകൾ 24,50,000/- രൂപ (ഇരുപത്തിനാല് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് കണക്കാക്കി ഇ-ടെണ്ടർ മുഖേന, അതാത് സാമ്പത്തിക വർഷത്തെ, Part I Non Plan 06-2034-01 സ്റ്റേഷനറി ആന്റ് പ്രിന്റിംഗ് എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും ചെലവ് വഹിച്ചുകൊണ്ട് വാങ്ങുന്നതിനും, സ്റ്റോക്ക് എൻട്രിക്കും, നിർബന്ധിത കിഴിവുകൾക്കും ശേഷം സ്ഥാപനത്തിന് പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്. **(4184/PURCHASE-ASST-A2/2023/Admn)** |
| തീരുമാനം | **അംഗീകരിച്ചു.** |
| ഇനം നമ്പർ | **2025.120*** |
| വിഷയം | കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ 2023-24 ന്റെ സർവകലാശാല യൂണിയൻ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച് അംഗീകരിക്കപ്പെട്ട 90,00,000/- രൂപയുടെ നിലവിലെ ബജറ്റ് അപര്യാപ്തമായതിനാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ 2023-24 സമർപ്പിച്ച പുതുക്കിയ രണ്ട് കോടി പതിനാറ് ലക്ഷം രൂപക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുന്ന വിഷയം പരിഗണിക്കുന്നതിന്. **(146314/DSW-ASST-1/2024/Admn)** |
| തീരുമാനം | **മേൽ വിഷയത്തിൽ ശുപാർശകൾ സമർപ്പിക്കുവാൻ സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുകയും ആയതിന്മേൽ തീരുമാനം എടുത്ത് നടപ്പിലാക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.** |
| ഇനം നമ്പർ | **2025.121*** |
| വിഷയം | മലപ്പുറം ഗവ. കോളേജിലെ ബി.എ ഹിസ്റ്ററി (2023-26 ബാച്ച്) വിദ്യാർത്ഥിയായ ശ്രീ. മുഹമ്മദ് സായിസ് സി. ടി, രജി. നമ്പർ MLAXAHIR19, തന്റെ തുടർ പഠനം സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാൾ മുഖേന സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്. |

**(271840/DSW-ASST-3/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2025.122***

**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Naval Kishore | Economics (Humanities) | Dr. Sinitha Xavier, Research Supervisor, Research and PG Department of Economics, Panampilly Memorial Government College, Chalakudy. | HOUSING CONDITIONS AMONG BELOW POVERTY LINE HOUSEHOLDS IN THE RURAL AREAS OF THE DISTRICT OF PALAKAD. |

**(189628/RESEARCH-C-ASST-2/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2025.123***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Haseena. V.K.K.M. | Library and Information Science (Humanities) | Dr. Abdul Azeez T. A, Research Supervisor, Library and Information Science, C.H. Mohammed Koya Library, University of Calicut. | Metaliteracy among the Students of IIT in South India. |

**(192273/RESEARCH-C-ASST-2/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2025.124***

**വിഷയം** റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൽപ്പറ്റ എൻ.എം.എസ്.എം. ഗവൺമെന്റ് കോളേജിലെ കോമേഴ്സ് പഠനവകുപ്പിന് സർവകലാശാലയുടെ റിസർച്ച് സെന്ററായി അഞ്ച് വർഷത്തേക്ക് അംഗീകാരം നൽകുന്ന വിഷയം പരിഗണിക്കുന്നതിന്.

**(137713/RESEARCH-D-ASST-3/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2025.125***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Maya Davi Chalisssery | English (Language & Literature) | Dr. Sherly M. D, Research Supervisor, Department of English, Vimala College, Thrissur. | EXPLORING NARRATIVE TIME: AN ANALYSIS OF THE EVOLUTION OF CHARACTERS IN SELECT NOVELS OF DORIS LESSING. |

**(101573/RESEARCH-C-ASST-3/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2025.126***

**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|

| | | | |
|---|---|---|---|
| Shameem. K. | Arabic (Language & Literature) | Dr. Mansoor Ameen K., Assistant Professor, Department of Arabic, MES Mampad College, Malappuram Dt. | NARRATIVE TECHNIQUE IN HISTORICAL NOVELS IN ARABIC LITERATURE,'RIJALUN HOULA AL RASOOL' OF KHALID MUHAMMAD KHALID AS A MODEL. |

**(140749/RESEARCH-C-ASST-3/2024/Admn)**

**തീരുമാനം** അംഗീകരിച്ചു.

**ഇനം നമ്പർ** **2025.127***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| **Name of the Candidate** | **Subject & Faculty** | **Guide** | **Topic** |
|---|---|---|---|
| Sapphire Mahmood Ahmed | English (Language & Literature) | Dr. K. Rizwana Sultana, Assistant Professor, Department of English, Farook College, Kozhikode. | METAMORPHOSIS OF READERS TO WRITERS: A PSYCHOANALYTIC STUDY OF HARRY POTTER FAN FICTIONS. |

**(183609/RESEARCH-C-ASST-3/2024/Admn)**

**തീരുമാനം** അംഗീകരിച്ചു.

**ഇനം നമ്പർ** **2025.128***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| **Name of the Candidate** | **Subject & Faculty** | **Guide** | **Topic** |
|---|---|---|---|
| Suryaja. M | Malayalam (Language & Literature) | Dr. L. Thomaskutty, Senior Professor, Department of Malayalam & Kerala Studies, University of Calicut. | നാടും സാഹിത്യവും: തിര ഞ്ഞെടുത്ത മലയാള നോവലുകളെ ആധാരമാ ക്കിയുള്ള പഠനം. |

**(186378/RESEARCH-C-ASST-3/2023/Admn)**

**തീരുമാനം** അംഗീകരിച്ചു.

**ഇനം നമ്പർ** **2025.129***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| **Name of the Candidate** | **Subject & Faculty** | **Guide** | **Topic** |
|---|---|---|---|
| Suby | Botany (Science) | Dr. T. K. Hrideek, Senior Scientist, Forest Genetics & Tree Breeding Department, KSCSTE-Kerala Forest Research Institute, Peechi. | Study on the impact of allelochemicals of Senna Spectabilis (DC.) Irwin & Barneby invasion in Wayanad, Kerala. |

**(73163/RESEARCH-C-ASST-1/2024/Admn)**

**തീരുമാനം** അംഗീകരിച്ചു.

**ഇനം നമ്പർ** **2025.130***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| **Name of the Candidate** | **Subject & Faculty** | **Guide** | **Topic** |
|---|---|---|---|
| Anjitha Thomas | Botany (Science) | Dr. Arun Kumar T. K., Assistant Professor, Department of Botany, | Systematic studies on the heterobasidiomycetes (Agaricomycotina, |

| | | | |
|---|---|---|---|
| | | The Zamorin's Guruvayurappan College, Kozhikode. | Basiddiomycota, Fungi) of Kerala. |

**(176744/RESEARCH-C-ASST-1/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.131***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Bindu. C | Physics (Science) | Dr. V.P. Joseph, Research Supervisor, Department of Physics, Christ College, Irinjalakuda. | SPLIT RING RESONATOR METAMATERIAL STRUCTURE BASED SENSORS FOR HIGH RESOLUTION IMAGING APPLICATIONS AT MICROWAVE FREQUENCIES |

**(20818/RESEARCH-C-ASST-1/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.132***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Fasna. K. | Statistics, (Science) | Dr. K. Jayakumar, Senior Professor, Department of Statistics, University of Calicut. | Some Generalizations of Cauchy Distribution. |

**(20818/RESEARCH-C-ASST-1/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.133***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Fathima. M. A. | Psychology (Science) | Dr. Milu Maria Anto, Associate Professor, Department of Psychology, Prajyoti Niketan College, Pudukad. | Designing a Mental Health Awareness Program for School Teachers in Kerala. |

**(73040/RESEARCH-C-ASST-1/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.134***

വിഷയം താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Sravandas. P. | Physics (Science) | Dr. Libu K. Alexander, Associate Professor, Department of Physics, University of Calicut. | Insights On Adsorptive and Catalytic Water Remediation Using Metal Chalcogenides and Bismuth Based Nanomaterials. |

**(183604/RESEARCH-C-ASST-3/2024/Admn)**

തീരുമാനം അംഗീകരിച്ചു.

ഇനം നമ്പർ **2025.135***

| വിഷയം | താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്. |
|---|---|

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Rajeesh. E. P | Botany (Science) | Dr. M. Sabu, Research Supervisor, Department of Botany, University of Calicut. | MOLECULAR PHYLOGENY OF MUSACEAE IN INDIA |

**(190124/RESEARCH-C-ASST-1/2024/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.136***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Shemila K. V | Psychology (Science) | Dr. K. Manikandan, Professor, Department of Psychology, University of Calicut. | Psychological Abuse: An Exploration among emerging Adults in Kerala. |

**(101801/RESEARCH-C-ASST-1/2024/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.137***

വിഷയം പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണം – കാലിക്കറ്റ് യൂണിവേഴ്സിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ (CUFYUGP) മൂന്നാം സെമസ്റ്റർ ഇംഗ്ലീഷ്, മലയാളം ഫൗണ്ടേഷൻ കോഴ്സുകൾ – കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ–ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡുമായി സഹകരിച്ച് പ്രസിദ്ധീകരണം നടത്തുന്നതിനായി സിണ്ടിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ ചെയേർസ്, പബ്ലിക്കേഷൻ & പ്രസ്സ് നൽകിയ 21.11.2024 തിയ്യതിയിലെ ശുപാർശ പരിഗണിക്കുന്നതിന്.

**(177918/PUBLICATION OFFICER/2021/Admn)**

തീരുമാനം **മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2025.138***

വിഷയം സർവകലാശാലയിലെ ബയോടെക്നോളജി പഠനവകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്മിത വി.ബി ക്ക് 2018 ലെ യു.ജി.സി റെഗുലേഷൻസ് പ്രകാരം അസോസ്സിയേറ്റ് പ്രൊഫസർ (അക്കാഡമിക് ലെവൽ 13 എ) ആയി 22.11.2022 (CAS) മുതൽ സ്ഥാനക്കയറ്റം നൽകാനുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കുന്നതിനെക്കുറിച്ചുള്ള ചോദ്യം പരിഗണിക്കുന്നതിന്.

**(4625/GA-II-F2/2015/Admn)**

തീരുമാനം **സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു.**

ഇനം നമ്പർ **2025.139***

വിഷയം 2023-24 അധ്യയന വർഷം ബി.പി.എഡ് ഇന്റഗ്രേറ്റഡ് വിദ്യാർത്ഥികൾക്ക് നിർബന്ധമായും നടത്തേണ്ട ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പ് നടത്തുന്നതിനായി എടുത്ത അഡ്വാൻസ് തുക സെറ്റിൽ ചെയ്യുന്നതിന് ബിൽ സമർപ്പിക്കുന്നതിൽ വന്ന പത്ത് മാസത്തെ കാലതാമസം മാപ്പാക്കി പിഴപ്പലിശ ഒഴിവാക്കുന്നത് പരിഗണിക്കുന്നതിന്.

**(107923/CPE-SO/2023/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.140***

വിഷയം സെനറ്റിലെയും സിണ്ടിക്കേറ്റിലെയും അംഗങ്ങൾക്ക് ടി.എ/ഡി.എ സ്പോട്ട് പെയ്മെന്റിനായി 03.01.2003 ലെ U.O. നമ്പർ Pl.D A2/53/03 പ്രകാരം ഡെപ്യൂട്ടി രജിസ്ട്രാർ, പ്ലാനിംഗ് & ഡെവലപ്മെന്റ് ബ്രാഞ്ച് ന്റെ പേരിൽ അനുവദിച്ച സ്ഥിര അഡ്വാൻസ് തുകയായ 50,000/- രൂപയിൽ നിന്ന് 20.03.2004, 15.05.2004 എന്നീ തിയ്യതികളിൽ അന്നത്തെ രണ്ട് സിണ്ടിക്കേറ്റ് അംഗങ്ങൾക്ക് TA ഇനത്തിൽ അധിക തുക 2,022/- രൂപ അനുവദിച്ചതിനാൽ പെർമനന്റ് അഡ്വാൻസ് തുക 47,978/- രൂപയായി കുറഞ്ഞ സാഹചര്യത്തിൽ ആയത് ക്രമപ്പെടുത്തുന്നതിനും പ്രസ്തുത അക്കൗണ്ട് അവസാനിപ്പിക്കുന്നതിനും ഉള്ള അനുമതി

നൽകുന്ന വിഷയം പരിഗണിക്കുന്നതിന്.

**(224073/PLD-E-ASST-4/2021/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.141***

വിഷയം സർവകലാശാലയുടെ വനിതാ ഹോസ്റ്റൽ കെട്ടിടത്തിലെ പാരിജാതം, അനെക്സ്, എവറസ്റ്റ് ബ്ലോക്ക് എന്നീ കെട്ടിടങ്ങളിലേക്ക് CUCC ഡയറക്ടർ സമർപ്പിച്ച സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ വൈഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് ടെണ്ടറിൽ താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയ M/s വൺ വ്യൂ സിസ്റ്റംസ്, വെണ്ണല, കൊച്ചിൻ എന്ന സ്ഥാപന ത്തിൽ നിന്നും വൈഫൈ സംവിധാനം വാങ്ങുന്നതിനും, തൃപ്തികരമായ ഇൻസ്റ്റാളേഷന് ശേഷം പ്രസ്തുത സ്ഥാപനത്തിന് 3,05,856/- രൂപ (മൂന്ന് ലക്ഷത്തി അയ്യായിരത്തി എണ്ണൂറ്റി അൻപത്തിയാറ് രൂപ മാത്രം) Part II B 26-4010-02 Development and Modernisation of Departments, എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും പേയ്മെന്റ് അനു വദിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

**(137836/PURCHASE-ASST-B2/2024/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.142***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ (CUIET) പൂർവവിദ്യാർത്ഥി ശ്രീ. മുഹമ്മദ് ഫർസീൻ പി യുടെ നേതൃത്വത്തിൽ DPE ഡയറ ക്ടർ ഡോ. സക്കീർ ഹുസൈൻ വി.പി യുടെ മാർഗനിർദ്ദേശത്തിൽ ലേസർ ഉറവിടവും ലേസർ റിസീവർ സെൻസർ മൊഡ്യൂളും ഉപയോഗിച്ച് ട്രിപ്പിൾ ജമ്പ് ഇവന്റിലെ ഹോപ്പ്, സ്റ്റെപ്പ്, ജമ്പ് ദൂരങ്ങൾ വെവ്വേറെ അളക്കാൻ വികസിപ്പിച്ചെടുത്ത 'ട്രിപ്ലേഴ്സ് ഗേജ്' എന്ന പ്രൊജക്റ്റ് കാലിക്കറ്റ് സർവകലാശാലയുമായി സഹകരിച്ച് പൂർണ്ണ തോതിൽ നിർമ്മിക്കു ന്നതിനും അതിന് ആവശ്യമായ തുകയായ 4,70,000/- രൂപ (നാല് ലക്ഷത്തി എഴുപതിനാ യിരം രൂപ മാത്രം) P1-41-2048-01 'Sports Development Fund' എന്ന ഹെഡിൽ നിന്നും അനുവദിക്കുന്നതും പരിഗണിക്കുന്നതിന്.

**(208511/DPE-B-ASST-1/2024/Admn)**

തീരുമാനം **വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിനാൻസ്, പ്ലാനിംഗ് & വർക്സ് സ്ഥിരം സമി തിയെയും, ലീഗൽ & സ്പോർട്സ് സ്ഥിരം സമിതിയെയും ചുമതലപ്പെടുത്താൻ തീരുമാനി ച്ചു.**

ഇനം നമ്പർ **2025.143***

വിഷയം കായികരംഗത്ത് മികവ് തെളിയിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവകലാശാലകളി ലേക്കുള്ള നിയമനത്തിനായി പി.എസ്.സി നടത്തുന്ന പരീക്ഷകളിൽ അധിക മാർക്കനുവദി ക്കുന്ന വിഷയത്തിൽ സർവകലാശാലയുടെ വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാ ക്കണമെന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 12.12.2024 തിയ്യതി യിലെ നം. B2/218/2024 ഉ.വി.വ കത്ത് പരിഗണിക്കുന്നതിന്.

**(99134/AD-K-ASST-4/2022/Admn)**

തീരുമാനം **വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സ്റ്റാഫ് & അഫിലിയേഷൻ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2025.144***

വിഷയം വയനാട് ലക്കിടിയിലെ ഓറിയന്റൽ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റിലെ 2019-2023 ബാച്ച് ബി.എച്ച്.എം വിദ്യാർത്ഥികളുടെ നാലാം വർഷത്തെ ഇന്റേണൽ മാർക്ക് പുതുക്കി നൽകുന്നതിനുള്ള വിദ്യാർത്ഥികളുടെ അപേക്ഷകളിന്മേലുള്ള BASG ന്റെ കണ്ടെത്തലുകൾ പരിഗണിച്ച് കോളേജിന് പിഴ നിശ്ചയിക്കുന്നത് പരിഗണിക്കുന്നതിന്.

**(231155/DSW-ASST-3/2023/Admn)**

തീരുമാനം **BASG യുടെ ശുപാർശകൾ അംഗീകരിക്കുകയും, 2019-23 ബാച്ചിലെ നാലാം വർഷ വിദ്യാർത്ഥികൾക്ക് മാത്രം മിനിമം ഇന്റേർണൽ മാർക്ക് നിബന്ധന ഒഴിവാക്കുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്ക് വിടാൻ തീരുമാനിക്കുകയും ചെയ്തു.**

ഇനം നമ്പർ **2025.145***

വിഷയം സർവകലാശാലയിൽ രജിസ്ട്രാർ തസ്തികയിൽ 12.02.2025 മുതൽ ഉണ്ടാകുന്ന ഒഴിവ് നികത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുന്നതിന്.

**(33458/AD-F-ASST-2/2021/Admn)**

തീരുമാനം

1. **ഡോ. ഡിനോജ് സെബാസ്റ്റ്യൻ, പ്രൊഫസർ & ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് സയൻസ്-ന് 12.02.2025 മുതൽ രജിസ്ട്രാറുടെ പൂർണ്ണ അധിക**

ചുമതല നൽകാൻ തീരുമാനിച്ചു.

2. **രജിസ്ട്രാർ തസ്തികയിലേക്ക് നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചു.**
3. **വൈസ് ചാൻസലർ (ചെയർമാൻ), അഡ്വ. പി. കെ. ഖലീമുദ്ധീൻ, അഡ്വ. എൽ. ജി. ലിജീഷ് എന്നിവർ ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2025.146***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്ററിൽ പുതിയ ഫയർവാൾ ഉപകരണം അൻപത് ലക്ഷം രൂപ ഏകദേശ ചെലവിൽ, പാർട്ട് II B 26-4010-02 ഡെവലപ്മെന്റ് ആന്റ് മോഡേണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റ്സ് പാർട്ട് I നോൺ പ്ലാൻ 55-2082-01 അദർ വർക്സ്/മെയ്ന്റനൻസ്/പർച്ചേസ് ഓഫ് എസ്സൻഷ്യൽ ഐറ്റംസ് എന്നീ അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും 25 ലക്ഷം രൂപ വീതം ചെലവ് വഹിച്ചുകൊണ്ട്, ഇ-ടെണ്ടർ മുഖേന സ്ഥാപിക്കുന്നതിന്, ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നതിന്.

**(91989/PURCHASE-ASST-A1/2017/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.147***

വിഷയം പാലക്കാട്, അട്ടയാംപതി സ്നേഹ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ നിലവിലുള്ള 50 B.Ed സീറ്റുകളിൽ Mathematics ഓപ്ഷണൽ ആയിട്ടുള്ള 8 സീറ്റുകൾ, ആകെ B.Ed സീറ്റുകളുടെ എണ്ണത്തിൽ മാറ്റമില്ലാതെ മലയാളം ഓപ്ഷണൽ ആക്കി മാറ്റുന്നതിന് പ്രിൻസിപ്പൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിക്കുന്നതിന്.

**(160233/CDC-A1/2024/Admn)**

തീരുമാനം **അംഗീകരിച്ചു.**
(ശ്രീ. ഇ. അബ്ദുറഹീം വിട്ടുനിന്നു.)

ഇനം നമ്പർ **2025.148***

വിഷയം കാലിക്കറ്റ് സർവകലാശാല ഭൗതിക ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സറും SERB-SURE Project പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും ആയ ഡോ. ദൃശ്യ കെ, എന്നവർക്ക് പ്രൊജക്റ്റ് രണ്ടാം വർഷ ഗ്രാന്റിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പ്രൊജക്റ്റ് അടിയന്തിര ആവശ്യങ്ങൾക്ക് മുൻകൂറായി അനുവദിക്കുന്നത് പരിഗണിക്കുന്നതിന്.

**(215062/DOP-ASST-1/2023/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.149**

വിഷയം കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ പ്രവർത്തിക്കുന്ന ഐഡിയൽ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലെ എം.കോം (15), ബി.എസ്.സി ജിയോളജി (24) എന്നീ പ്രോഗ്രാമുകൾ 2025-26 അക്കാദമിക വർഷം മുതൽ ഡിസ്സഫിലിയേറ്റ് ചെയ്യുന്നതിനുള്ള പ്രിൻസിപ്പലിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

**(15360/CDC-D3/2013/CU)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.150***

വിഷയം ഹയർ എഡ്യൂക്കേഷൻ (ഇ) ഡിപ്പാർട്ട്മെന്റ്, പ്രിൻസിപ്പൽ സെക്രട്ടറി, കണ്ണൂർ സർവകലാശാല രജിസ്ട്രാർക്ക് അയച്ച 16.04.2024 തിയ്യതിയിലെ B5/44/2024/HEDN നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ, റിട്ടയേഡ് പ്രൊഫ. ഡോ. ബി. വിജയചന്ദ്രൻ പിള്ള സമർപ്പിച്ച, ടിയാന് പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപായി പ്രമോഷൻ നൽകിയതിനെതിരെയുള്ള ഓഡിറ്റ് തടസ്സം മറികടന്ന് തടഞ്ഞുവെച്ച പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്ന അപേക്ഷ പരിഗണിച്ച് 16.01.2025 ന് നടന്ന സ്റ്റാഫ് ആന്റ് അഫിലേയേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി, കണ്ണൂർ സർവകലാശാലയിൽ സമാന വിഷയത്തിലെടുത്ത തീരുമാനം, ഇക്കാര്യത്തിലും പരിഗണിച്ച് അനുകൂല തീരുമാനമെടുക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനുള്ള ശുപാർശ പരിഗണിക്കുന്നതിന്.

**(141221/GA-II-C2/2015/Admn)**

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2025.151***

വിഷയം 04.01.2024 മുതൽ 23.08.2024 വരെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ശ്രീ. ഹരിദാസൻ കെ. കെ (ഐ.ഡി. നമ്പർ 3025), ക്ലറിക്കൽ അസിസ്റ്റന്റ് എന്നവർ 24.08.2024 തിയ്യതിയിൽ സമർപ്പിച്ച അവധി അപേക്ഷ പ്രകാരം 04.01.2024 മുതൽ 23.08.2024 വരെ

| | |
|---|---|
| | 233 ദിവസത്തെ മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടിയ ശൂന്യവേതനാവധി അനുവദിക്കുന്ന വിഷയവും ഈ കാര്യത്തിൽ തീരുമാനം എടുത്ത് നടപ്പിലാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലഘട്ടം വ്യക്തിഗത ആവശ്യത്തിനായുള്ള ശൂന്യവേതനാവധിയായി പരിഗണിക്കുന്ന വിഷയവും പരിഗണിച്ച് 30.12.2024 തിയ്യതിയിലെ സിണ്ടിക്കേറ്റ് യോഗം ഇനം നമ്പർ 2024.1332A* പ്രകാരം എടുത്ത തീരുമാനത്തിൽ വ്യക്തത വരുത്തുന്ന വിഷയം പരിഗണിക്കുന്നതിന്. |
| | **(187318/AD-L-ASST-3/2024/Admn)** |
| തീരുമാനം | **04.01.2024 മുതൽ വ്യക്തിഗത ആവശ്യത്തിനായുള്ള ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകുവാനും, ആയത് സമർപ്പിച്ച് ജോലിക്ക് ഹാജരാകുന്ന തിയ്യതിവരെ വ്യക്തിഗത ആവശ്യത്തിനായുള്ള ശൂന്യ വേതന അവധി അനുവദിക്കാനും, പ്രസ്തുത തിയ്യതിമുതൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ അനുമതി നൽകാനും തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.152*** |
| വിഷയം | To consider the recommendation of the Standing Committee of the Syndicate on Staff of Affiliated Colleges held on 28.01.2025 to comply the Judgement in W P (C) 36410 of 2024 dated 06.12.2024 in connection with the appointment of Principal in affiliated colleges by Seniority cum fitness method stating that 'on the introduction of the UGC Regulations, the provisions in the University Act which enable appointment to the post of Principal in an affiliated College by promotion', has become inoperative. |
| | **(60694/GA-II-H1/2019/Admn)** |
| തീരുമാനം | **Resolved to seek legal openion.** |
| ഇനം നമ്പർ | **2025.153*** |
| വിഷയം | ബോട്ടണി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. (ഡോ.) സന്തോഷ് നമ്പി ഓർഗനൈസിംഗ് സെക്രട്ടറിയായി 2024 ഫെബ്രുവരി 15 മുതൽ 17 വരെ നടത്തിയ International Seminar on "Plant Systematics: Present Status and Future Prospects" എന്ന സെമിനാറിന്റെ നടത്തിപ്പ് ചിലവിലേക്കായി 1,50,000/- രൂപ SPG ഫണ്ട് അനുവദിച്ചിരുന്നതും എന്നാൽ ആകെ ചെലവ് 4,38,318/- രൂപ വരികയും ആയത് ഫിനാൻസ് ബ്രാഞ്ച് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ കമ്മി വന്ന തുകയായ 2,88,318/- രൂപ 20.01.2025 ലെ U.O. No.997/2025/Admn പ്രകാരം സ്റ്റേറ്റ് പ്ലാൻ ഗ്രാന്റ് 2024-25 for the conduct of Seminar/workshop/Research promotion എന്ന ഹെഡിൽ നിന്നും നിറവേറ്റുന്നതിന് അനുവദിച്ച വിഷയം പരിഗണിക്കുന്നതിന്. |
| | **(229054/BOT-ASST-1/2023/Admn)** |
| തീരുമാനം | **ഭാവിയിൽ ആവർത്തിക്കാൻ പാടില്ല എന്ന കർശന നിർദ്ദേശത്തോടെ അംഗീകരിച്ചു.** |
| ഇനം നമ്പർ | **2025.154** |
| വിഷയം | M.Com Finance പ്രോഗ്രാമിന്റെ അധ്യയനം 2025-26 അധ്യയന വർഷം മുതൽ ഡിസഫിലിയേറ്റ് ചെയ്യുന്നതിനുള്ള വയനാട്, പുൽപ്പള്ളി, ജയശ്രീ ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന്. |
| | **(131395/CDC-A1/2015/Admn)** |
| തീരുമാനം | **അംഗീകരിച്ചു.** |
| ഇനം നമ്പർ | **2025.155** |
| വിഷയം | കോഴിക്കോട് ജില്ലയിലെ നരിക്കുനിയിൽ പ്രവർത്തിക്കുന്ന ബൈത്തുൽ ഇസ്സാ ആർട്സ് ആന്റ് സയൻസ് കോളേജിലെ ബി.എ ഹിസ്റ്ററി ഹോണേഴ്സ് (40), എം.കോം (20) പ്രോഗ്രാമുകൾ, 2024-25 അക്കാദമിക വർഷം താൽക്കാലികമായി നിറുത്തൽ (സസ്പെൻഡ്) ചെയ്യുന്നതിനും 2025-26 അക്കാദമിക വർഷം പുനരാരംഭിക്കുന്നതിന്നുമുള്ള കോളേജിന്റെ അപേക്ഷ പരിഗണിക്കുന്നതിന്. |
| | **(22192/CDC-D3/2013/CU)** |
| തീരുമാനം | **അംഗീകരിച്ചു.** |
| ഇനം നമ്പർ | **2025.156** |
| വിഷയം | പാലക്കാട്, മേഴ്സി കോളേജിൽ നിലവിലുള്ള മാനേജർ മാറുന്നത് സംബന്ധിച്ചുള്ള വിഷയം റിപ്പോർട്ട് ചെയ്യുന്നതിന്. |
| | **(3623/CDC-A2/2014/CU)** |
| തീരുമാനം | **ശ്രദ്ധിച്ചു.** |
| ഇനം നമ്പർ | **2025.157*** |

| | |
|---|---|
| വിഷയം | നിലമ്പൂർ അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ പ്രിൻസിപ്പാൾ ആയിരുന്ന ഡോ. സക്കറിയ ടി.വി 31.05.2024 AN ന് ജോലിയിൽ നിന്നും വിരമിച്ച ഒഴിവിൽ അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ആയ ഡോ. മുഹമ്മദ് ബഷീർ കെ. പി. യെ 01.11.2024 FN മുതൽ നിലമ്പൂർ അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ പ്രിൻസിപ്പാൾ ആയി യു.ജി.സി 2018 റെഗുലേഷൻ പ്രകാരം നേരിട്ടുള്ള നിയമനം നൽകിയതിന് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് 28.01.2025 ന് ചേർന്ന അഫിലിയേറ്റഡ് കോളേജിലെ ജീവനക്കാരെ സംബന്ധിച്ച സിണ്ടിക്കേറ്റ് സ്ഥിരം സമിതിയുടെ ഇനം നമ്പർ 5 പ്രകാരമുള്ള ശുപാർശ പരിഗണിക്കുന്നതിന്. |
| | **(250838/GA-II-A4/2024/Admn)** |
| തീരുമാനം | **അംഗീകരിച്ചു.** |
| ഇനം നമ്പർ | **2025.158*** |
| വിഷയം | സെക്രട്ടറി, NSS College Central Committee, Kottayam ഫയൽ ചെയ്ത WP (C) No. 36410 of 2024 മേലുള്ള 06.12.2024 തിയ്യതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധി 'on the introduction of the UGC Regulations, the provisions in the University Act which enable appointment to the post of Principal in an affiliated College by promotion has become inoperative' എന്നത്, കാലിക്കറ്റ് സർവകലാശാലയിൽ പാലിക്കുന്നതുമായി ബന്ധപ്പെട്ട്, 28.01.2025 ന് ചേർന്ന അഫിലിയേറ്റഡ് കോളേജിലെ ജീവനക്കാരെ സംബന്ധിച്ച സിണ്ടിക്കേറ്റ് സ്ഥിരം സമിതിയുടെ ഇനം. 6 ശുപാർശ പരിഗണിക്കുന്നതിന്. |
| | **(223488/GA-II-A4/2024/Admn)** |
| തീരുമാനം | **നിയമോപദേശം തേടാൻ തീരുമാനിച്ചു.** |
| ഇനം നമ്പർ | **2025.159*** |
| വിഷയം | കാലിക്കറ്റ് സർവകലാശാലയിൽ പ്രധാൻ മന്ത്രി ഉച്ചതാർ ശിക്ഷാ അഭിയാൻ (P M USHA) പദ്ധതിയുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് 29.01.2025 ന് നടന്ന പി.എം.ഉഷ ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും, പി.എം. ഉഷ പ്രൊജക്റ്റ് മോണിറ്ററിംഗ് യൂണിറ്റിന്റെയും സംയുക്ത യോഗത്തിലെ മിനുട്സ് പ്രകാരം കൈക്കൊണ്ട തീരുമാനങ്ങൾ പരിഗണിക്കുന്നതിന്. |
| | **(23799/PLD-C-ASST-1/2025/Admn)** |
| തീരുമാനം | **അംഗീകരിച്ചു.** |
| ഇനം നമ്പർ | **2025.160** |
| വിഷയം | കെൽട്രോണിന് 16.12.2023 മുതൽ 15.03.2024 വരെയുള്ള നാലാം പാദത്തിന്റെ ഡി.ഡി.എഫ്.എസ് പ്രവർത്തനസംരക്ഷണത്തിന് വേണ്ടിയുള്ള വാർഷിക പരിപാലനത്തിന്റെ ചിലവിനത്തിൽ 3,47,753/- രൂപ (മൂന്ന് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി എഴുനൂറ്റിഅൻപത്തി മൂന്ന് രൂപ മാത്രം) ഡി.ഡി.എഫ്.എസ് സേവനവുമായി ബന്ധപ്പെട്ട് സി.യു.സി.സി റിപ്പോർട്ട് ചെയ്ത ന്യൂനതകളിന്മേൽ M/s കെൽട്രോൺ പ്രശ്നപരിഹാരം നടത്തിയതിനാൽ, ആയത് അനുവദിച്ച കാര്യം CU Act 1975 ലെ Section 10(13) വ്യവസ്ഥ പ്രകാരം റിപ്പോർട്ട് ചെയ്യുന്നതിന്. |
| | **(183361/PLD-E-ASST-2/2016/Admn)** |
| തീരുമാനം | **ശ്രദ്ധിച്ചു.** |
| ഇനം നമ്പർ | **2025.161*** |
| വിഷയം | To consider the Constitution of a High Power Committee under the Chairmanship of the Vice Chancellor for P M USHA, PURSE, CSIF, Externally funded Research Projects and other similar programmes which require urgent procedures for the timely implementation of such programmes without waiting for the Syndicate meetings and delegation of its Administrative and financial powers to that committee subject reporting the matter to the Syndicate. |
| | **(PLD)** |
| തീരുമാനം | **Exercising the powers contained in section 23 (xix) of the Calicut Univeristy Act 1975, resolved to constitute a High Power Committee (HPC) under the chairmanship of the Vice Chancellor and delegate the administrative, financial and other powers of the Syndicate as necessary for the speedy implementation of the programmes such as PM-USHA, DST-PURSE, CSIF, DST-FIST, Externally funded projects, and UGC Special Assistance programmes such as SA, BSR, etc. The constitution of the committee is as follows.**<br>**1. Vice Chancellor (Chairman)** |

2. **Adv. P. K. Khaleemudheen**
3. **Adv. L. G. Lijeesh**
4. **Dr. Kavumbayi Balakrishnan**
5. **Dr. Pradyumnan P. P**
6. **Dr. Rasheed Ahammed P**
7. **Sri. T. J. Martin**
8. **Dr. Mohamed Haneefa. K**
9. **Dr. Vasumathi T**
10. **Sri. Anuraj A. K.**

ഇനം നമ്പർ **2025.162***

വിഷയം വയനാട് ചെതലയത്തുള്ള ITSR നിലനിൽക്കുന്ന ഭൂമിയുടെ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള റെവന്യൂ റിക്കവറി നോട്ടീസിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ തീരുമാനിക്കുന്നതിന്.

**(ITSR)**

തീരുമാനം **ഉന്നത വിദ്യാഭ്യാസ മന്ത്രിയുമായും, റെവന്യൂ മന്ത്രിയുമായും ചർച്ച ചെയ്യുന്നതിന് അഡ്വ. പി. കെ. ഖലീമുദ്ധീൻ, അഡ്വ. എൽ. ജി. ലിജീഷ്, ഡോ. വസുമതി. ടി എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.**

ഇനം നമ്പർ **2025.163***

വിഷയം കാലിക്കറ്റ് സർവകലാശാല ക്യാമ്പസിലെ CCSS - PG ഒന്നാം സെമസ്റ്ററിൽ സോഫ്റ്റ്വെയറിന്റെ അഭാവം മൂലം പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഒന്നും പാലിക്കാത്ത സാഹചര്യത്തിൽ പരീക്ഷാഭവൻ സ്വീകരിക്കേണ്ട നടപടിയുടെ വ്യക്തതക്കും, ഇതിനാവശ്യമായ സോഫ്റ്റ്വെയർ തയ്യാറാക്കി നൽകുന്നതിന് ഉചിത തീരുമാനത്തിനുമായും, ഒന്നാം സെമസ്റ്ററിന്റെ പരീക്ഷ ഫലം ഡിപ്പാർട്ട്മെന്റുകൾ പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ പരീക്ഷാ ഭവൻ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച വ്യക്തതയ്ക്കും, ടി വിഷയങ്ങൾ പരിഗണിക്കുന്നതിനും.

**(PB)**

തീരുമാനം **K-REAP സോഫ്റ്റ്വെയർ പൂർണ്ണതോതിൽ സർവകലാശാലയിൽ നടപ്പിലാക്കുന്നത് വൈകുന്നതിനാൽ പഠന വകുപ്പുകളിലെ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാതിരിക്കാൻ സർവകലാശാല തനത് സോഫ്റ്റ്വെയർ വികസിപ്പിക്കുവാൻ നിർദ്ദേശം നൽകുന്നതിനും ആയതിന്റെ മേൽനോട്ടം നിർവഹിക്കുവാൻ പരീക്ഷാ കൺട്രോളർ, സി.സി.എസ്.എസ് കോർഡിനേറ്റർ, സി.യു.സി.സി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.**

(ഒപ്പ്)
രജിസ്ട്രാർ

(ഒപ്പ്)
വൈസ് ചാൻസലർ